[Mr. P. Govinda Menon]

ഇങ്ങിനെ വിഷമംപിടിച്ച പല പ്രധാന പ്രശ്നങ്ങളുള്ളപ്പോൾ മുൻകൊല്ലങ്ങളിൽ അനുവദിക്കുന്നതിനേക്കാൾ കൂടുതൽ സംഖ്യ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിനു വേണ്ടി എന്റെ സഹപ്രവർത്തകന്മാരുടെ സഹായംമൂലം എനിക്കു് ഈ ബഡ്ജറ്റിൽ കൊള്ളിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു അഭിമാനം കൊള്ളുവാൻ സാധിക്കും. ഇനിയും പല വിധത്തിലുള്ള കാര്യങ്ങൾ ചെയ്യുവാനുണ്ടു്. അങ്ങിനെയുള്ള കാര്യങ്ങൾ പുതിയതല്ല എന്നു വിചാരിച്ചല്ല പറയുന്നതു്. ഇതുയും കാര്യങ്ങൾ സഭയുടെ അറിവിന്നായി പറഞ്ഞുവെന്നേയുള്ളൂ. ഈ സംഖ്യ അനുവദിച്ചു തരുവാൻ ഞാൻ സഭയോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

(i) Raising of the Narakkal High School into a First grade College

മിസ്റ്റർ എം. ഐ. പോൾ: "To reduce the allotment of Rs. 2,62,233 for Collegiate Education in Demand No. 23 by Re. 1. (To impress upon the Government the necessity to raise the Narakkal Sirkar High School to a First Grade College.)" സർ, ബഹുമാനപ്പെട്ട മന്ത്രി അവർകൾ വിദ്യാഭ്യാസം ശരിപ്പിക്കുന്നതിനുവേണ്ടി ചെയ്യുവരുന്ന അശ്രാന്തപരിശ്രമത്തിൽ ഞാൻ അദ്ദേഹത്തെ ഹൃദയംഗമമായി അനുമോദിച്ചുകൊള്ളുന്നു. എന്നാൽ അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഫലമായി ചിറ്റൂരിൽ ഒരു കോളേജു തുടങ്ങുവാൻ പോകുന്നു എന്നു കേട്ടതിൽ ഞാൻ സന്തോഷിക്കുന്നു. അതോടൊപ്പം ഞാറക്കൽ ഒരു സർക്കാർ ഹൈസ്കൂളിനെ സംബന്ധിച്ചു രണ്ടുവാക്കു് പറഞ്ഞുകൊള്ളട്ടെ. ഞാറക്കൽ ഹൈസ്കൂൾ സ്ഥാപിച്ചിട്ടു് ഏതാണ്ടു് നൂറു കൊല്ലം കഴിഞ്ഞിട്ടുണ്ടു്. ആ സ്കൂൾ കേവലം ജനങ്ങളുടെ പ്രയത്നഫലമായി ഉണ്ടാക്കിട്ടുള്ള ഒരു സ്കൂളാണു്. അവരുടെ പണം ചിലവുചെയ്തു് ഗവർമ്മെണ്ടിലേക്കു സൌജന്യമായി വിട്ടുകൊടുത്തിട്ടുള്ള ഒരു ഹൈസ്കൂളാണു് അതു്. വൈപ്പിൻകരയുടെ ഏതാണ്ടു മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു സ്കൂളാണതു്. അതിന്റെ കിഴക്കെ കരയിലുള്ള വലിയ കടമക്കുടി, ചെറിയ കടമക്കുടി, പിഴല, മുളവുകാടു മുതലായ സ്ഥലങ്ങളിൽനിന്നും കുട്ടികൾ വന്നു് അവിടെ പഠിക്കുന്നുണ്ടു്. വൈപ്പിൻകര മറ്റു പ്രദേശങ്ങളിൽനിന്നും വേർതിരിക്കപ്പെട്ടുകിടക്കുന്ന ഒരു കരയാണെന്നു ഗവർമ്മെണ്ടു ധരിക്കണം. വൈപ്പിൻകരയിലും അതിന്നടുത്തുള്ള പ്രദേശങ്ങളിലും നിവസിക്കുന്ന ആളുകൾക്കു ഏറ്റവും അടുത്ത സ്കൂൾ ഞാറക്കൽ ഹൈസ്കൂളാണു്. ഏതാണ്ടു ൭൫,൦൦൦-ഓളം ജനങ്ങൾ അവിടെ നിവസിക്കുന്നുണ്ടു്. അവരുടെ കുട്ടികൾക്കു വിദ്യാഭ്യസനത്തിന്നു ഏറ്റവും എളുപ്പമായ സ്ഥലം അതുതന്നെയാണു്. ഈവക സ്ഥലങ്ങളിൽനിന്നു ഗവർമ്മെണ്ടു് ഒരു ലക്ഷം ഉറുപ്പികയോളം നികുതി പിരിക്കുന്നുണ്ടു്. അങ്ങിനെയുള്ള സ്ഥിതിക്കു അവിടെ ഒരു കോളേജു് തുറന്നുതരണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ഒരുപക്ഷെ ഗവർമ്മെണ്ടു് ഇപ്പോഴത്തെ പരിതഃസ്ഥിതിവെച്ചു് അതിനുള്ള പണമില്ലെന്നു പറഞ്ഞേക്കാം. എങ്കിലും ഗവർമ്മെണ്ടിന്റെ വിദ്യാഭ്യാസം ശരിപ്പിക്കുന്ന പരിപാടി ഈ സ്ഥലത്തെ സംബന്ധിച്ചു് ഏറ്റവും കാര്യമായി പ്രവൃത്തിക്കണമെന്നു ഞാൻ ഗവർമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. എന്നാൽ ഈ കാര്യത്തിന്നു ഗവർമ്മെണ്ടു പുറപ്പെടുന്നപക്ഷം ജനങ്ങളും അതിനോടു സഹകരിച്ചു് വേണ്ടത്ര പണം പിരിച്ചു് ഗവർമ്മെണ്ടിനെ ബോദ്ധ്യപ്പെടുത്തുന്നതിനും തയ്യാറാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും ഗവർമ്മെണ്ടും ഇതിനെ അനുകൂലിക്കുമെന്ന വിശ്വാസത്തോടുകൂടി ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, കൊച്ചിരാജ്യത്തിന്റെ ഇന്നത്തെ നിലയ്ക്കു കൊച്ചിയിലെ ഏതു കുഗ്രാമത്തിൽപോലും കോളേജു് തുടങ്ങുന്നതിനുള്ള ആവശ്യം വഹിച്ചിട്ടുണ്ടു്. ഞാറയ്ക്കലെപോലെയുള്ള കൂടുതൽ ജനങ്ങൾ പാർക്കുന്ന ഒരു ദിക്കിൽ അതിന്റെ ആവശ്യമുണ്ടോ എന്നതിൽ ആലോചിക്കാനില്ല. പക്ഷെ എനിക്കു ഒന്നു മാത്രമാണു ഈ സഭയെ ധരിപ്പിക്കാനുള്ളതു്. ഇപ്പോൾ ചിറ്റൂരിൽ ഒരു കോളേജും തൃശ്ശിവപേരൂരിൽ കേരളവർമ്മാ കോളേജും പുതിയതായി തുടങ്ങുവാൻപോകുന്നതു് ഉൾപ്പടെ കൊച്ചിയിൽ ൯ കോളേജുകളുണ്ടു്. ഇനി മട്ടാഞ്ചേരിയിൽ ഒന്നു തുടങ്ങുന്നുണ്ടെന്നും അറിയുന്നു. അതുംകൂടി കണക്കാക്കിയാൽ കൊച്ചിരാജ്യത്തിൽ ൧൦ കോളേജുകളാകും. ൧,൪൦൦ ചതുരശ്ര നാഴികമാത്രം വിസ്താരമുള്ള കൊച്ചിരാജ്യത്തിൽ പത്തു കോളേജുകളുണ്ടെന്നു പറ

*Speech not corrected by the Hon'ble Minister.

LIBRARY ARCHIVES Kerala Legislative Assembly

യുമ്പോൾ ഫർസ് സ്കൂയർ മയിലിനു ഒരു കോളേജുവീതമുണ്ട്. അപ്പോൾ ഫവ നാഴിക നീളവും ഫവ നാഴിക വീതിയുമുള്ള ഒരു സ്ഥല വിഭാഗത്തിനു ഒരു കോളേജുവീതമുണ്ടെന്നു പറയാൻ കഴിയും. അതിൽ കൂടുതലായാൽ വിരോധമുണ്ടായിട്ടില്ല. പക്ഷെ എനിക്കു പറയാനുള്ളതു നാട്ടിലെ സാമാന്യ ജനങ്ങളുടെ ഗുണത്തിനുവേണ്ടി വിദ്യാഭ്യാസം വികസിപ്പിക്കണോ അതോ കോളേജു വിദ്യാഭ്യാസം വികസിപ്പിക്കണോ എന്നുള്ളതിനെപ്പറ്റിയാണ്. പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനു ഇനിയും അനേകം പ്രൈമറിസ്കൂളുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇവിടെ പോസ്റ്റ്വാർ റികൺസ്ട്രക്ഷൻ കമ്മിറ്റി കണക്കാക്കിയ ഒരു കണക്കിൽ ഫൻർസ്-ൽ ഒരു കൊല്ലം മുമ്പു സ്കൂളിൽ പോകത്തക്ക പ്രായമുള്ള ഫ,സ്യ,൦വസ കുട്ടികളുണ്ടെന്നും അതിൽ ഫ,ഫസ്യ,ഡൻവ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെന്നും ബാക്കിയുള്ളവക്കു ഇനിയും സ്കൂളുകളുണ്ടാക്കേണ്ടിയിരിക്കുന്നുവെന്നും പറയുന്നു. ആ കണക്കു വെച്ചു നോക്കുമ്പോൾ വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെങ്കിൽ ൎർ, ൻസ, ൦ ൦ ൦ രൂപ ഇന്നു ചിലവു ചെയ്യുന്നതിനേക്കാൾ കൂടുതൽ ചിലവു ചെയ്യണമെന്നാണു വരുന്നതു. ഇത്രയധികം സംഖ്യ പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി ചിലവു ചെയ്യണമെന്നിരിക്കെ, കൊച്ചിയിൽ പ്രാഥമിക വിദ്യാലയങ്ങൾ ഇത്രയധികമുണ്ടാക്കണമെന്നിരിക്കെ, നല്ലനിലയിൽ ജീവിക്കുന്നവരുടെ സൌകര്യത്തിനുവേണ്ടി കോളേജുകളുണ്ടാക്കണോ, സാമാന്യ ജനങ്ങൾക്കുവേണ്ടി പ്രാഥമിക വിദ്യാലയങ്ങളുണ്ടാക്കണോ എന്നുള്ളതാണു ഗവമ്മെണ്ടിന്റെ മുമ്പിലുള്ള പ്രശ്നം. ഇതു രണ്ടുംകൂടി സാധിക്കുമെങ്കിൽ ചെയ്യേണ്ടതാണ്. പക്ഷെ, രണ്ടിലൊന്നേ സാധിക്കുകയുള്ളുവെങ്കിൽ കർഷകരുടേയും തൊഴിലാളികളുടേയും മറ്റു സാമാന്യജനങ്ങളുടെയും വിദ്യാഭ്യാസത്തിനുള്ള പ്രാഥമിക വിദ്യാഭ്യാസത്തിനാണു മുൻഗണന നൽകേണ്ടതെന്നു ഈ പ്രമേയത്തിന്റെ അവതാരകൻതന്നെ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇങ്ങിനെയിരിക്കെ ഞാറയ്ക്കൽ ഒരു കോളേജുതുടങ്ങണമെന്നാവശ്യപ്പെട്ടതു ശരിയായിരിക്കയില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽ വകയിരുത്തിവരുന്ന ചിലവിനെക്കുറിച്ചും ആലോചിക്കണം. ഈ കൊല്ലത്തെ ബഡ്ജറ്റിൽ നൂറു ലക്ഷം രൂപയാണു വിദ്യാഭ്യാസ വകുപ്പിലേയ്ക്കു നീക്കിവെച്ചിട്ടുള്ളതു. വിദ്യാഭ്യാസവികസനത്തിൽ നമ്മൾ ഇനിയും മുന്നോട്ടുപോകാൻപോകുന്നു. അങ്ങിനെയൊക്കെ ഇരിക്കെ, ഞാറയ്ക്കൽ ഒരു കോളേജുവേണം എന്നു പറയുന്നതും വകയിരുത്തിവരുന്ന സംസ്കാരത്തിന്റെ പേരിലാകാമെങ്കിലും അതു ഇന്നത്തെ പരിതഃസ്ഥിതിയിൽ പ്രായോഗികമല്ലെന്നുള്ളതിനാൽ ഇതു പ്രസ്തുതമല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

Mr. M. K. Raja *(Mulakunnathukavu):* On a point of information, Sir, the Hon'ble Minister was saying that the policy of the Government is generally against the starting of new colleges in the State. I would like to know whether that applies to technological colleges also.

Mr. P. Govinda Menon *(Minister for Food and Education):* No. Sir, I was referring to literary education.

മിസ്റ്റർ എം. ഐ. പോൾ: ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ മറുപടി ഒരു തരത്തിലും പ്രതിക്ഷേധിക്കാൻ സാധ്യമല്ല. എന്തെന്നാൽ അതിൽ ന്യായങ്ങളുണ്ട്, സമ്മതിക്കുന്നു. പക്ഷെ കുട്ടികളിൽ പലരും അഡ്മിഷൻകിട്ടാതെ അങ്ങുമിങ്ങും ഓടി നടക്കുന്നതു കാണുന്നതു സങ്കടകരമാണ്. ഇപ്പോഴത്തെ സ്ഥിതിക്കു ധാരാളം കോളേജുകളുണ്ടെന്നാണു പറയുന്നതെങ്കിലും, ജനങ്ങൾ സഹകരിച്ചു പ്രവൃത്തിക്കാൻ ഒരുങ്ങുന്നപക്ഷം അങ്ങിനെ കോളേജിനു എവിടെയെങ്കിലും ആവശ്യമുള്ളിടത്തോളം അതിനു പ്രോത്സാഹനം കൊടുക്കാൻ പ്രാഥമികവിദ്യാലങ്ങൾ തുറക്കുന്നതോടൊപ്പംതന്നെ ശ്രമിക്കണമെന്നാണു ഞാൻ പറയുന്നതു. പക്ഷെ, മന്ത്രി അവർകൾ പറഞ്ഞിട്ടുള്ള ആ പരിതഃസ്ഥിതികൾവെച്ചു നോക്കുമ്പോൾ ഉടനെ ഇതു തുറക്കുക എന്നുള്ളതു അസാദ്ധ്യമാണ്. ഇനിയും പുതുതായി കോളേജുകൾ തുറക്കാൻ വിചാരിക്കുന്നുവെങ്കിൽ ഗവമ്മെണ്ടിന്റെ പരിപാടിയിൽ ഞാറയ്ക്കലിനെ സംബന്ധിച്ചു പ്രത്യേക മുൻഗണന നൽകി അവിടെ ഒരു കോളേജു തുറക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

LIBRARY ARCHIVES Kerala Legislative Assembly